"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - സർക്കാർ ഏറ്റെടുക്കാൻ തത്വത്തിൽ അംഗീകാരം നൽകിയ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര കിഴിഞ്ഞാണ്യം എ.എൽ.പി. സ്കൂൾ - മാനേജർ ശ്രീമതി.വസന്തയ്ക്ക് തിരികെ നൽകിക്കൊണ്ടും അപ്രകാരം റിട്ട് അപ്പീൽ നം. 1510/2024-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 07.02.2025- ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(കൈ) നം.4/2026/GEDN തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:-

1. ശ്രീമതി. എ.വി.വസന്ത, മാനേജർ, എ.എൽ.പി. സ്കൂൾ പേരാമ്പ്ര കിഴിഞ്ഞാണ്യം സമർപ്പിച്ച 28.03.2015 - ലെ അപേക്ഷ.
2. റിട്ട് ഹർജി നം. 10039/2016-ന്മേൽ ബഹു. ഹൈക്കോടതിയുടെ 06.06.2017 - ലെ ഇടക്കാല ഉത്തരവ്.
3. സ.ഉ.(കൈ) നം.87/2017/പൊ.വി.വ, തീയതി 01.08.2017
4. റിട്ട് പെറ്റീഷൻ നം.10039/2016-ന്മേൽ ബഹു.ഹൈക്കോടതിയുടെ 14.12.2017-ലെ അന്തിമ ഉത്തരവ്
5. ശ്രീമതി. എ.വി.വസന്ത, മാനേജർ, എ.എൽ.പി. സ്കൂൾ പേരാമ്പ്ര കിഴിഞ്ഞാണ്യം സമർപ്പിച്ച 18.02.2021 - ലെ അപേക്ഷ
6. ശ്രീമതി. വസന്ത, മാനേജർ, എ.എൽ.പി. സ്കൂൾ പേരാമ്പ്ര കിഴിഞ്ഞാണ്യം സമർപ്പിച്ച 01.12.2023 - ലെ അപേക്ഷ
7. റിട്ട് ഹർജി നം.41253/2023-ന്മേൽ ബഹു. ഹൈക്കോടതിയുടെ 08.12.2023 - ലെ വിധിന്യായം
8. സ.ഉ.(സാധാ)നം. 1911/2024/ പൊവിവ തീയതി 07.03.2024
9. സ.ഉ.(എം.എസ്.) നം.48/2024/പൊവിവ, തീയതി 18.05.2024
10. റിട്ട് ഹർജി നം. 18172/2024-ന്മേൽ ബഹു. ഹൈക്കോടതിയുടെ 04.06.2024 - ലെ വിധിന്യായം
11. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24.01.2025-ലെ എൻ.എസ്.2/7896/2024/ഡി.ജി.ഇ നമ്പർ കത്ത്
12. റിട്ട് അപ്പീൽ 1510/2024 ന്മേൽ ബഹു.ഹൈക്കോടതിയുടെ 07/02/2025-ലെ വിധിന്യായം

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര കിഴിഞ്ഞാണ്യം എ.എൽ.പി. സ്കൂൾ മാനേജരായിരുന്ന ശ്രീമതി. വസന്തയ്ക്ക് ആരോഗ്യപരമായ കാരണങ്ങൾ കൊണ്ടും, സാമ്പത്തിക പരാധീനത കൊണ്ടും സ്കൂൾ നിലനിർത്തി കൊണ്ടു പോകാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ സ്കൂൾ നിരുപാധികം സർക്കാരിന് വിട്ടു നല്കാൻ തയ്യാറാണെന്നും സർക്കാർ ഏറ്റെടുക്കണമെന്നും അഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ മുൻപാകെ അപേക്ഷ സമർപ്പിക്കുകയും തുടർന്ന് ഏറ്റെടുക്കൽ നടപടി അടിയന്തരമായി പൂർത്തീകരിക്കണമെന്നാവശ്യപ്പെട്ട് ബഹു. ഹൈക്കോടതി മുൻപാകെ റിട്ട് ഹർജി ഫയൽ ചെയ്യുകയും ആയതിന്മേൽ ബഹു.കോടതിയുടെ പരാമർശം (2) ഇടക്കാല ഉത്തരവിൽ, ഒരു മാസത്തിനകം സ്കൂൾ ഏറ്റെടുത്ത് കൊണ്ട് ഹർജിക്കാരി സമർപ്പിച്ച നിവേദനത്തിന്മേൽ (Ext. P2) ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സർക്കാരിന് നിർദേശം നൽകുകയുണ്ടായി. അതിനെത്തുടർന്ന്, സർക്കാർ പരാമർശം (3) ഉത്തരവ് പ്രകാരം സ്കൂൾ തത്വത്തിൽ ഏറ്റെടുത്ത് ഉത്തരവായി.

2) തുടർന്ന് KER അനുശാസിക്കും പ്രകാരവും 10.04.1967-ലെ സ.ഉ.(കൈ)നം. 159/67/പൊ.വി.വ നിബന്ധനകൾ അനുസരിച്ചും ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കവെ സ്കൂൾ തിരികെ നൽകണമെന്നാവശ്യപ്പെട്ട് മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്കും സർക്കാരിലും യഥാക്രമം പരാമർശം (5) , (6) പ്രകാരം അപേക്ഷകൾ സമർപ്പിച്ചിരുന്നു. അതോടൊപ്പം ബഹു. ഹൈക്കോടതി മുൻപാകെ റിട്ട് ഹർജി നം. 41253/2023 ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത റിട്ട് ഹർജിയിന്മേൽ ബഹു. ഹൈക്കോടതിയുടെ പരാമർശം (7) വിധിന്യായത്തിൽ പരാതിക്കാരി സർക്കാരിൽ സമർപ്പിച്ച പരാമർശം (5) Ext.10 അപേക്ഷ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ബഹു.കോടതി സർക്കാരിന് നിർദേശം നൽകി. ബഹു.ഹൈക്കോടതിയുടെ WP(C) No. 10039/2016-ലെ 06.06.2017-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) ഉത്തരവ് പ്രകാരം സർക്കാർ ഏറ്റെടുക്കാൻ തത്വത്തിൽ അംഗീകാരം നൽകിയ കിഴിഞ്ഞാണ്യം എ.എൽ.പി. സ്കൂൾ ടി വിധിന്യായം നിലവിലിരിക്കുന്നിടത്തോളം പരാതിക്കാരിയുടെ ആവശ്യം അംഗീകരിക്കാൻ കഴിയില്ല എന്നതിനാൽ ഹർജിക്കാരിയുടെ ആവശ്യം നിരസിച്ച് പരാമർശം (8) ഉത്തരവ് പുറപ്പെടുവിച്ചു. അതോടൊപ്പം, സ്കൂളിന്റെ ഭരണപരമായ ചുമതല നിർവ്വഹിക്കുന്നതിന് പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അനുമതി നല്കി പരാമർശം (9) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു .

3) ടി ഉത്തരവിനെതിരെ സ്കൂൾ മാനേജർ WP(C) No. 18172/2024 നമ്പർ കേസ് ഫയൽ ചെയ്യുകയും കൂടാതെ സ്കൂൾ പൂർണ്ണമായി സർക്കാർ ഏറ്റെടുക്കണമെന്ന് നിർദേശിച്ചു കൊണ്ടുള്ള ബഹു.ഹൈക്കോടതി യുടെ പരാമർശം (4) വിധിന്യായം പിൻവലിക്കണമെന്നുമാവശ്യപ്പെട്ട് റിട്ട് അപ്പീൽ നം. 1510/ 2024 ഫയൽ ചെയ്തു.

4) റിട്ട് അപ്പീൽ നം. 1510/2024 തീർപ്പാക്കി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (12) വിധിന്യായത്തിൽ, കിഴിഞ്ഞാണ്യം സ്കൂൾ തിരികെ വിട്ടു നൽകണമെന്ന അപേക്ഷ നിരസിച്ചു കൊണ്ടുള്ള പരാമർശം (8) സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ടും സ്കൂൾ ഏറ്റെടുക്കണമെന്ന ഹർജിക്കാരിയുടെ പ്രൊപ്പോസൽ പിൻവലിക്കപ്പെട്ടതായി പ്രഖ്യാപിച്ചും സ്കൂളിന്റെ പൂർണ്ണമായ ഉടമസ്ഥതയും മാനേജർ പദവിയും ഹർജിക്കാരിക്ക് പുന:സ്ഥാപിച്ച് നൽകിക്കൊണ്ടും ബഹു.ഹൈക്കോടതി ഉത്തരവായി.

5) ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ, സ്കൂൾ ഹർജിക്കാരിക്ക് തിരികെ വിട്ടുനൽകുന്നതിൽ പരാമർശം (11) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹർജി കക്ഷിക്ക് സ്കൂൾ തിരികെ വിട്ടു നൽകുന്നതിൽ മറ്റ് തടസ്സങ്ങൾ ഒന്നും നില നിൽക്കുന്നില്ല എന്നും സ്കൂൾ ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചതുമായി ബന്ധപ്പെട്ട് സർക്കാരിന് യാതൊരു തരത്തിലുമുള്ള സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നും അറിയിച്ചു.

6) ബഹു.ഹൈക്കോടതിയുടെ വിവിധ വിധിന്യായങ്ങളുടെയും വിദ്യാഭ്യാസ വകുപ്പ് അധികാരികൾ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സ്കൂൾ തിരികെ വിട്ടു നൽകുന്നതിൽ നിയമപരമായ തടസ്സങ്ങൾ ഒന്നും നില നിൽക്കുന്നില്ല. ടി വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിന് യാതൊരു തരത്തിലുമുള്ള സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ല. സ്കൂൾ മാനേജറിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിൽ അപ്പീൽവാദി എന്തെങ്കിലും വീഴ്ച വരുത്തിയാൽ അപ്പീൽവാദിക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന് സ്വാതന്ത്ര്യം നല്കി കൊണ്ടാണ് റിട്ട് അപ്പീൽ നം. 1510/2024 ബഹു.ഹൈക്കോടതി തീർപ്പാക്കിയിട്ടുള്ളത്.

7) മേൽ സാഹചര്യത്തിൽ, 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റിലും ആയതിൻ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾക്ക് കീഴിലും സ്കൂൾ മാനേജർ/മാനേജർമാർ നിർവ്വഹിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ള കർത്തവ്യങ്ങൾക്ക് വീഴ്ച വരുത്താതെയും സ്കൂൾ കാര്യക്ഷമമായും പ്രവർത്തിപ്പിക്കണമെന്ന് മാനേജർക്ക് നിർദേശം നൽകിക്കൊണ്ടും സ്കൂൾ തത്വത്തിൽ ഏറ്റെടുത്തു കൊണ്ട് പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര കിഴിഞ്ഞാണ്യം എ.എൽ.പി. സ്കൂൾ. മാനേജർ ശ്രീമതി.എ.വി.വസന്തയ്ക്ക് തിരികെ നൽകിക്കൊണ്ടും അപ്രകാരം റിട്ട് അപ്പീൽ 1510/2024-ന്മേൽ ബഹു.ഹൈക്കോടതിയുടെ 07.02.2025 - ലെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുകുമാർ ബി റ്റി

ജോയിന്റ് സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. അഡ്വക്കേറ്റ് ജനറൽ, എറണാകുളം *(ആമുഖ കത്ത് സഹിതം)*
3. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, താമരശ്ശേരി, കോഴിക്കോട്
4. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പേരാമ്പ്ര, കോഴിക്കോട്
5. മാനേജർ, എ.എൽ.പി.സ്കൂൾ, കിഴിഞ്ഞാണ്യം, പേരാമ്പ്ര, കോഴിക്കോട്
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ) വകുപ്പ് *(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)*
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Siju Vasudevan
Date: 08-01-2026 17:10:36